# മോഷണ സംഘത്തിലെ നാലുപേർ പൊലീസ് വലയിൽ

പേരാമംഗലം ● കടകളും വീടുകളും കുത്തിത്തുറന്ന് മോഷണം നടത്തുന്ന സംഘത്തിലെ നാലു പേർ പൊലീസ് വലയിൽ. കൈപ്പറമ്പ് പുത്തൂർ വീട്ടിൽ അജിത് (21), എടക്കളത്തൂർ കണ്ടംപുള്ളി വീട്ടിൽ സജീവൻ (23), പുറ്റേക്കര സ്വദേശി ദാസൻ (24), തമിഴ്നാട് സ്വദേശി സതീഷ് (26) എന്നിവരെയാണ് പൊലീസ് പിടികൂടിയത്. ഈ മേഖലയിൽ കടകൾ കുത്തിത്തുറന്നുള്ള മോഷണം വ്യാപകമായതിനെ തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലായത്.